# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ജൂലൈ 2016

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### ദുക്റാന തിരുനാൾ

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് തോമാശ്ലീഹാ. വിശ്വാസം നമുക്കു പകർന്നുതന്ന തോമാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും നമുക്കു പരിശ്രമിക്കാം. ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

### 1. സർവ്വേ ഫോം - 2016

2016-2017 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 15ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ. ഫോം കലണ്ടറിന്റെകൂടെ വെച്ചിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിലും ലഭ്യമാണ്.

### 2. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുന്നത് ഉചിതമായിരിക്കും. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 3. ആസ്പെക്ട്

2016-2017 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് മോൺ. പോൾ പള്ളത്ത് എഴുതിയ "ഭാരതകത്തോലിക്ക സഭ ഇന്നലെയും ഇന്നും" എന്ന ഗ്രന്ഥമാണ്. ഭാരതത്തിലെ വിവിധ സഭകളെ സംബന്ധിക്കുന്ന നിരവധി സുപ്രധാന ചരിത്രരേഖകൾ, ശ്ലൈഹിക തിരുവേഴുത്തുകൾ, മാർപാപ്പാമാരുടെ ബൂളകൾ തുടങ്ങി വിശ്വസ്തവും ആധികാരികവുമായ അനേകം രേഖകളുടെ പിൻബലത്തോടെ തയ്യാറാക്കിയിരിക്കുന്ന 446 പേജുകളുള്ള ഈടുറ്റ ഈ ചരിത്രഗ്രന്ഥം സഭയെ അറിയുവാനും സ്നേഹിക്കുവാനും എല്ലാവരെയും സഹായിക്കും. എല്ലാ അധ്യാപകർക്കും സ്വന്തമായി ഈ പുസ്തകം ഉള്ളത് വളരെ നല്ലതാണ്. അതുപോലെ എല്ലാ സൺഡേസ്കൂൾ ലൈബ്രറികളിലേക്കും വാങ്ങേണ്ടതാണ്. 250 രൂപ വിലയുള്ള പുസ്തകം അധ്യാപകർക്കുമാത്രം 100 രൂപയ്ക്ക് ലഭ്യമാകുന്നതാണ്.

### 4. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും രണ്ട് സെമിനാറുകൾ നടത്തേണ്ടതാണ്. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ. ബഹു. മോൺ. താരാമംഗലത്തിലച്ചനും ബഹു. ജോസഫ് കുമ്പുക്കലച്ചനും സെമിനാറുകൾ നയിക്കാൻ സന്നദ്ധരാണ്. മേരിഗിരി, ആലക്കോട് ഫൊറോനകളിലെ സെമിനാറുകൾക്ക് നേതൃത്വം കൊടുത്ത ഫൊറോനാക്കമ്മിറ്റിക്ക് നന്ദി. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

**ജൂലൈ മാസത്തെ സെമിനാറുകൾ**

ജൂലൈ -06 തോമാപുരം
ജൂലൈ -09 പൈസക്കരി
ജൂലൈ -09 നെല്ലിക്കാംപൊയിൽ
ജൂലൈ -09 കുന്നോത്ത്
ജൂലൈ -16 വെള്ളരിക്കുണ്ട്
ആഗസ്റ്റ് -02 എടൂർ

### 5. ബൈബിൾ നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ഈ വർഷം മുതൽ (മഴക്കാലത്തിന് ശേഷം) സ്ഥലസൗകര്യങ്ങളുള്ള സൺഡേസ്കൂളുകളിൽ ബൈബിൾ നഴ്സറി ആരംഭിക്കുമല്ലോ. പുസ്തകവും CDയും ഓഫീസിൽ ലഭ്യമാണ്.

**6. ആമുഖസെമിനാർ കാസർഗോഡ് റീജൻ ജൂലൈ 29 –31**

കാഞ്ഞങ്ങാട് റീജനിലെ സൺഡേസ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ആമുഖസെമിനാർ ജൂലൈ 29,30,31 തീയതികളിലായി പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. സെമിനാർ ജൂലൈ 29ന് വൈകുനേരം 5ന് ആരംഭിച്ച് 31ന് രാവിലെ അവസാനിക്കുന്നു. ഫീസ് 500രൂപ. പങ്കെടുക്കുന്നവരുടെ എണ്ണം ജൂലൈ 20ന് മുൻപ് ഹെഡ്മാസ്റ്റർമാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം (0490 2344430). മറ്റ് ഫൊറോനകളിലെ അധ്യാപകർക്കും സെമിനാറിൽ സംബന്ധിക്കാൻ അവസരം ഉണ്ടായിരിക്കും. അവരും മുൻകൂട്ടി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**7. ദൈവശാസ്ത്രകോഴ്സ് (Lumen Ecclesiae )**

ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് വർഷം മുമ്പ് ആരംഭിച്ച ദൈവശാസ്ത്രകോഴ്സിൽ 900 അധ്യാപകർ അവരുടെ രണ്ട് വർഷത്തെ (നാല് സെമസ്റ്ററുകളിലെ) പഠനം വിജയകരമായി പൂർത്തിയാക്കി. ബഹു. അച്ചന്മാർ നല്കിയ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി പറയുന്നു. 2016–2017 അധ്യായനവർഷത്തിൽ ബാക്കിയുള്ള അധ്യാപകരെക്കൂടി ദൈവശാസ്ത്രപഠനത്തിനായി അയക്കു കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. അധ്യാപകരുടെ സൗകര്യാർ ത്ഥം എല്ലാ ഫൊറോനകളിലും ക്ലാസുകളും പരീക്ഷകളും സംഘടിപ്പി ക്കുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

**8. വെബ്സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തെയും ബുള്ളറ്റിൻ വാർത്തകൾ, സർവ്വേ ഫോം, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ, ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും പേരു വിവരങ്ങൾ കൃത്യതയോടെയും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ. വെബ്സൈറ്റിൽ കുട്ടികളുടെ പേര് കഴിഞ്ഞവർഷം ചേർത്തവർ ഈ വർഷം ഒന്നാം ക്ലാസിലെ കുട്ടികളുടെ പേര് മാത്രം ചേർക്കുകയും മറ്റ് ക്ലാസ്സുകളിൽആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യണം. ഒരു വിവരവും ചേർക്കാത്തവർ ജൂലൈ 30നകം ചേർത്ത് സഹകരിക്കുമല്ലോ.

**9. മതബോധന കൗൺസിൽ /പി.ടി.എ.**

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**10. അതിരൂപതാ സന്ദർശകരുടെ സമ്മേളനം ജൂലൈ 23**

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 23ന് ശനിയാഴ്ച്ച രാവിലെ 10 മണിക്ക് സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഫൊറോന പ്രസിഡന്റുമാർ ഓഫീസിൽ അറിയിക്കുമല്ലോ.

**11. ധ്യാനം : ക്ലാസ് XII**

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12–ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. ഫൊറോനാകമ്മിറ്റികൂടി ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**12. ഓഫീസ്, റിക്കാർഡുകൾ**

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

**13. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസീറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്.

**14. ശ്രദ്ധിക്കുക**

1. പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും രേഖാമൂലം ബന്ധപ്പെട്ടവർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

2. അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനവുമായി കൊടുത്തിരിക്കുന്ന കാര്യങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ നിർബന്ധമായും വായിക്കുമല്ലോ.

3. സൺഡേസ്കൂൾ സർവ്വേ ഫോം കൃത്യമായി പൂരിപ്പിച്ച് ജൂലൈ 15നകം ഓഫീസിൽ ലഭിക്കുംവിധം അയച്ചുതരേണ്ടതാണ്.

**15. ആദരാഞ്ജലികൾ**



മുള്ളേരിയ ഇൻഫന്റെ ജീസസ്സ് സൺഡേസ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ജിയോ മുട്ടത്തുകുന്നേൽ 26.05.2016ന് കർണ്ണാടകയിലെ സുള്ളിയായിൽ പയസ്വിനി പുഴയിൽ വീണുമരിച്ചു. നിത്യസമ്മാനത്തിനായ് വിളിക്കപ്പെട്ട ജിയോയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. മാതാപിതാക്കളെയും അധ്യാപകരെയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു.

**16. വിശ്വാസപരിശീലന പ്രതിജ്ഞ**

എല്ലാ സൺഡേസ്കൂളുകളിലും കുട്ടികളെകൊണ്ട് ചൊല്ലിപ്പിക്കാനുള്ള വിശ്വാസപരിശീലന പ്രതിജ്ഞ താഴെ കൊടുക്കുന്നു. ഈ പ്രതിജ്ഞ കുട്ടികൾക്ക് പറഞ്ഞുകൊടുത്ത് അവരുടെ ബുക്കിൽ എഴുതിപ്പിക്കുകയും വി. കർബാനക്ക് ശേഷം സൺഡേസ്കൂൾ ലീഡറിനെകൊണ്ട് മുഴുവൻ കുട്ടികൾക്കും ഏറ്റുചൊല്ലത്തക്കരീതിയിൽ ചൊല്ലിപ്പിക്കേണ്ടതാണ്.

## വിശ്വാസപരിശീലന പ്രതിജ്ഞ

ദൈവം എന്റെ സ്നേഹപിതാവും / ഞാൻ അവിടുത്തെ മകനും (മകളും) ആണ്/ ദൈവപുത്രനായ ഈശോ / ഏക രക്ഷകനും എന്റെ കർത്താവുമാണ് / പരിശുദ്ധാത്മാവായ ദൈവം / എന്റെ പരിപാലകനാണ് / ഈശോയെപ്പോലെ / പ്രായത്തിലും ജ്ഞാനത്തിലും / ദൈവത്തിന്റെയും മനുഷ്യരുടെയും / പ്രീതിയിലും വളരാൻ / ഞാൻ സർവ്വാത്മനാ പരിശ്രമിക്കുന്നതാണ് / തിരുസഭ എന്റെ മാതാവാണ് / തിരുസഭയുടെ കല്പനകളും പ്രബോധനങ്ങളും / അനുസരിച്ച് ജീവിക്കുന്നതിൽ / ഞാൻ അഭിമാനംകൊള്ളുന്നു / എന്റെ മാതൃരാജ്യമായ ഭാരതത്തെയും / എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും / ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു / ദൈവമാതാവായ / പരിശുദ്ധ കന്യകാമറിയത്തിന്റെയും / വി. യൗസേപ്പിതാവിന്റെയും / സകലവിശുദ്ധരുടെയും / എന്റെ കാവൽ മാലാഖയുടെയും  മാധ്യസ്ഥത്താൽ / ജീവിതകാലം മുഴുവനും / ഈശോമിശിഹായുടെ / സജീവസാക്ഷിയായി വളരുവാൻ പരിശ്രമിക്കുമെന്ന് / ഞാൻ പ്രതിജ്ഞ ചെയ്യുന്നു.  ആമ്മേൻ.

**17. പുസ്തക വിതരണം**

പുസ്തകങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്തപ്പോൾ കൂടുതൽ ലഭിച്ചവർ ദയവായി എത്രയും വേഗം ഓഫീസിൽ തിരിച്ച് ഏല്പിക്കുക. അവ ലഭിക്കാത്ത സൺഡേ സ്കൂളിൽ കൊടുക്കുവാൻ സാധിക്കും.

**18. ഡയറക്ടറച്ചന്റെ സന്ദർശനം**

നെല്ലിയടുക്കം, കണിച്ചാർ  എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹത്തോടെ

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ